(ബി) സ്ഥലം പരിശോധിച്ചതിനുശേഷം മാത്രമേ എത്ര ഏക്കർ ഭൂമി എവിടെയെല്ലാം കൊടുക്കണമെന്ന് തീരുമാനിക്കാനാവൂ. ഇതിലേക്കുവേണ്ടി ആവശ്യമായ സ്ഥലങ്ങളുടെ വിശദവിവരങ്ങളും സ്കെച്ചും അയച്ചുതരുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയോട് 13.12.1978-ൽ ആവശ്യപ്പെട്ടിരിക്കുകയാണ്. അവ ലഭിച്ചു കഴിഞ്ഞാൽ ഉടനേ മേൽനടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: അങ്ങനെ ഗവൺമെന്റിൽ നിന്നും വിട്ടുകിട്ടുന്ന ഭൂമി എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുക എന്ന് ബോർഡ് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണെന്നു വിശദീകരിക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവരുടെ ആവശ്യങ്ങളും സ്ഥലവും അത് എവിടെയെല്ലാമാണു വേണ്ടതെന്നുള്ളതുമായ വിശദവിവരങ്ങളോടുകൂടിയാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. സേവ്യർ അറയ്ക്കൽ: ശബരിമലയ്ക്കു കൊടുത്തിട്ടുണ്ട്. ആവശ്യപ്പെട്ടിട്ടുണ്ട് എന്നുപറഞ്ഞു. മറ്റുള്ള മതസ്ഥാപനങ്ങളും ആവശ്യപ്പെട്ടാൽ അവർക്കുംകൂടി സ്ഥലംകൊടുക്കുന്നകാര്യത്തിൽ മുൻകൈയെടുക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: എല്ലാ മതസ്ഥാപനങ്ങൾക്കും അത്യാവശ്യമായി വേണ്ടിവരുന്ന സ്ഥലം കൊടുക്കുന്നുണ്ട്. ദൈവത്തിനായാലും മനുഷ്യനായാലും വനഭൂമി ആവശ്യപ്പെട്ട് അനുവാദവും വാങ്ങിയിട്ട് അങ്ങോട്ട് പ്രവേശിക്കുന്നതാണ് നല്ലത്, അതാണുവേണ്ടത് അങ്ങനെ ചെയ്യണമെന്നുമാത്രമേ എനിക്കഭ്യർത്ഥിക്കാനുള്ളു.

(ii) അടിയന്തിര ചോദ്യം

കരിമ്പുകൃഷിക്കാരുടെ പരാധീനതകൾ

* 782 [2] ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരിമ്പുകൃഷിക്കാർക്ക് പഞ്ചസാര കമ്പനികളിൽനിന്നും കൊടുക്കുന്ന വില ഉൽപ്പാദന ചെലവുമായി സാമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി എടുത്തു എന്നു പറയാമോ;

(സി) കരിമ്പിൽനിന്നു കിട്ടുന്ന എല്ലാ ഉൽപ്പന്നങ്ങളുടെയും ആദായം കണക്കിലെടുത്ത് വില നിശ്ചയിക്കാത്തതെന്തുകൊണ്ടാണ്?

വ്യവസായവും വനവുംവകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) കരിമ്പുകൃഷിക്കാർക്ക് കരിമ്പ് കമ്പനിയിലെത്തിക്കുമ്പോൾ ടണ്ണിന് 130 രൂപവീതം ലഭിക്കുന്നു. കേന്ദ്രസർക്കാർ നിശ്ചയിച്ചിരുന്ന വില പന്തളത്തും തിരുവല്ലായിലും 100 രൂപയും ചിറ്റൂരിൽ 108 രൂപ 20 പൈസയുമാണ്. ഇവിടത്തെ ഉൽപ്പാദനച്ചെലവും കൂടി കണക്കിലെടുത്തുകൊണ്ടാണ് 130 രൂപ നൽകണമെന്ന് കമ്പനികളോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരേക്കറിൽനിന്നും ഉൽപ്പാദനച്ചെലവും മറ്റു ചെലവുകളുംകഴിച്ച് 800 രൂപയോളം കർഷകർക്ക് കാണംകിട്ടുമെന്നാണ്കണക്കാക്കിയിട്ടുള്ളത്.

(സി) പഞ്ചസാരയുടെ നിയന്ത്രണം നീക്കിയതുമൂലവും പൊതുവിപണിയിൽ പഞ്ചസാരയുടെ കുത്തനെയുള്ള വിലയിടിവുമൂലവും കമ്പനികൾക്ക് ഉൽപ്പാദനച്ചെലവിന്റെ പകുതിയോളം പഞ്ചസാരയിൽ നഷ്ടം വന്നുകൊണ്ടിരിക്കുകയാണ്. ഈ ഫാക്ടറികളിലെ ചാരായ ഉൽപ്പാദനവും വിതരണവും മൂലം ഈ നഷ്ടം ഒരളവോളം നികത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 130 രൂപ വിലനിശ്ചയിക്കുമ്പോൾ ചാരായത്തിൽനിന്നുള്ള ലാഭവുംകൂടി കണക്കിലെടുത്തിരുന്നു.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: മറ്റ് ഉൽപ്പന്നങ്ങളുടെ വില കൂടിവരുന്നതുകൊണ്ടാണ് പഞ്ചസാരയുടെ ഉൽപ്പാദനച്ചെലവു വർദ്ധിക്കുന്നത്. അതുകൊണ്ടാണ് വില കൂടുതൽ കിട്ടണമെന്നവർ ആവശ്യപ്പെടുന്നത്. വിലവർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഓരോ സംസ്ഥാനത്തിലും കരിമ്പിൽനിന്നു കിട്ടുന്ന പഞ്ചസാരയുടെ തോതനുസരിച്ചാണ് വില നിശ്ചയിച്ചിട്ടുള്ളത്. അതനുസരിച്ച് 100 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ പറഞ്ഞ പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് 30 രൂപകൂടി കൊടുക്കുന്നതിന് തീരുമാനിച്ചത്.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: പന്തളത്തെ കൃഷിക്കാർക്ക് ലക്ഷക്കണക്കിനുരൂപ കൊടുത്തുതീർക്കാനുള്ളതുകൊണ്ട് അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടു പരിഗണിച്ച് വേണ്ട ക്രമീകരണം ഏർപ്പെടുത്തുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിനുവേണ്ട ക്രമീകരണം ഏർപ്പെടുത്തുന്നതാണ്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: മറ്റുപല സ്ഥലങ്ങളിലെക്കാളും ഉൽപ്പാദനച്ചെലവു കൂടുതലാണ് കേരളത്തിൽ എന്നുള്ളതാണ് വസ്തുത. കരിമ്പുകൃഷിക്കാർക്കു കൂടുതൽ വിലകൊടുക്കാതിരിക്കാൻ കാരണമായി പറയുന്നത് ഇതിൽനിന്നും ലാഭം കിട്ടുന്നില്ലെന്നുള്ളതാണ്. അതുകൊണ്ട്, ചാരായം സപ്ലൈചെയ്യുന്ന ഏർപ്പാടുകൂടി ഈ കമ്പനികൾക്ക് കൊടുക്കുകയാണെങ്കിൽ കൂടുതൽ ആദായം കിട്ടുമെന്നുള്ളതു പരിഗണിച്ച് ഗവൺമെന്റിലേക്കു ചാരായം സപ്ലൈ ചെയ്യുന്ന ഏർപ്പാടുകൂടി ഈ കമ്പനികൾക്ക് കൊടുത്ത് കൃഷിക്കാർക്കു കൂടുതൽ വില കൊടുക്കുന്നതിനു വേണ്ടതു ചെയ്യുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ചാരായം വിൽപ്പനയുടെ മുഴുവൻ ചുമതലയും അവർക്കാണ് കൊടുത്തിരിക്കുന്നത്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഫാക്ടറിയിൽ എത്തിച്ചുകൊടുക്കുന്ന കരിമ്പിനല്ലേ ഈ വില കൊടുക്കുന്നത്? അതിൽ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ്കൂടി ഉൾപ്പെടുകയില്ലേ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഉൽപ്പാദകന് 130 രൂപ കിട്ടും.

ശ്രീ. പി. ബാലൻ: ഒരു ടൺ കരിമ്പിൽനിന്ന് എത്രശതമാനം പഞ്ചസാരയാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഏതാണ്ട് എട്ടു ശതമാനമാണെന്നാണ് തോന്നുന്നത്. കൃത്യമായ കണക്ക് അറിയില്ല.

ശ്രീ. പി. ശങ്കർ: കൃഷിക്കാർ വളരെ പ്രക്ഷോഭണംകൂട്ടിയിട്ടാണ് കരിമ്പിന്റെ വില 130 രൂപയാക്കാൻ തീരുമാനിച്ചത്. ഇതുകൂടാതെ കൃഷിക്കാർക്ക് മറെറന്തെല്ലാം സൗജന്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്? അതായത് സൗജന്യവളം, സബ്സിഡി മുതലായവ.

ശ്രീ. പി.എസ്. ശ്രീനിവാസൻ: വിവരം കൈവശമില്ല.

ശ്രീ. ഇ.പി. ഗോപാലൻ: കരിമ്പിനു ടണ്ണിന് 130 രൂപ നിശ്ചയിച്ചപ്പോൾ പഞ്ചസാരയുടെ വിലനിലവാരം എന്തായി എന്ന കാര്യം അറിയാമല്ലോ. പഞ്ചസാരമില്ലുകാരനു ദോഷം ചെയ്തിട്ടുവേണമോ കരിമ്പുകൃഷിക്കാരനു ഗുണംചെയ്യാൻ? ഇക്കാര്യം ഗവൺമെൻറാലോചിച്ചിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതെല്ലാം വലിയ വിഷയങ്ങളാണ്, ആലോചിച്ചു തീരുമാനമെടുക്കേണ്ടവയാണ്.

ശ്രീ. ജി.പി. മംഗലത്തുമഠം: ഇതരസംസ്ഥാനങ്ങളിൽ ഇതിനേക്കാൾ കൂടുതൽ വില കരിമ്പിന് കിട്ടുന്നുണ്ട്. അതുപരിഗണിച്ച് ഇവിടെയും വിലവർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കുറവാണ്. അപൂർവ്വം ചില സംസ്ഥാനങ്ങളിൽമാത്രമേ കൂടുതലുള്ളൂ.

(iii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ടോഡി വെൽഫയർ ഫണ്ട് ബോർഡിലെ നിയമനങ്ങൾ

* 783 [848] ശ്രീ. എ.പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോഡി വെൽഫയർ ഫണ്ട് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ;

(ബി) നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുത്തതിനുശേഷം ബോർഡ് നേരിട്ടു നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ; ഏതേതു പോസ്റ്റുകളിൽ;

(സി) 1979 ജനുവരിക്കുശേഷം പുതിയ നിയമനം ബോർഡു മുഖാന്തിരം നടത്താൻ ബോർഡ് പരസ്യം ചെയ്തിട്ടുണ്ടോ;

(ഡി) പി.എസ്.സി. മുഖേനയല്ലാതെ ഇപ്രകാരം നിയമനം നടത്താനുദ്ദേശിക്കുന്നതിന്റെ കാരണമെന്താണ്;

(ഇ) ഈ നിയമനം അഴിമതിക്കിടയാക്കുമെന്നതുകൊണ്ട് നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) വിട്ടുകൊടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly